"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്. ഡി. ആർ. എഫ്. - പാലക്കാട് ജില്ല - കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ തൂപ്പന്നൂർ ആന്ത്രോട് റോഡ് പുനരുദ്ധാരണ പ്രവൃത്തി - ഭരണാനുമതി റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.370/2025/DMD    തീയതി,തിരുവനന്തപുരം, 03-06-2025

---

പരാമർശം:-
1. 27/03/2025 ലെ സ. ഉ. (സാധാ) നം. 183/2025/ഡി.എം.ഡി
2. പാലക്കാട് ജില്ലാകളക്ടറുടെ 23.05.2025 ലെ DCPKD/7164/2025-J2 നമ്പർ കത്ത്

**ഉത്തരവ്**

എസ്. ഡി. ആർ. എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം 10,00,000 /- (10 ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി ലഭിച്ച പാലക്കാട് ജില്ലയിലെ ഗതാഗതയോഗ്യമല്ലാതായിത്തീർന്ന കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ തൂപ്പന്നൂർ ആന്ത്രോട് റോഡ് പുനരുദ്ധാരണ പ്രവൃത്തി മൺറോഡായതിനാൽ സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം പ്രവൃത്തി നടപ്പിലാക്കുവാൻ സാധിക്കുകയില്ല എന്ന് ആലത്തൂർ ബ്ലോക്ക് വികസന ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത റോഡ് പ്രവൃത്തി റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ അഭ്യർത്ഥനയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ തൂപ്പന്നൂർ ആന്ത്രോട് റോഡ് പുനരുദ്ധാരണ പ്രവൃത്തിയ്ക്ക് നൽകിയിരുന്ന ഭരണാനുമതി റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശിത ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ജില്ലാ കളക്ടർ, പാലക്കാട്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. DMB3/121/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 03-06-2025 17:14:24
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്